ഏപ്രിൽ 1 മുതൽ 10 വരെ

ദേശീയ പുസ്തകോത്സവം 2017

സാംസ്കാരികോത്സവം

# എഴുത്തരങ്ങ്

കേരള സാഹിത്യ അക്കാദമി

വാർത്താപത്രിക 4

കേരള സർക്കാർ
സാംസ്കാരികവകുപ്പ്






അശോകൻ ചരുവിൽ
ഏപ്രിൽ 7 വെള്ളി 04:30



എം.എൻ.കാരശ്ശേരി
ഏപ്രിൽ 7 വെള്ളി 04:30



പ്രഭാവർമ്മ
ഏപ്രിൽ 8 ശനി 04:30



ബാലചന്ദ്രൻ ചുള്ളിക്കാട്
ഏപ്രിൽ 8 ശനി 06:30

# വാക്കുകൾ സംസ്കാരമാണ്

അക്കിത്തം



ഇടവപ്പാതി, തുലാവർഷം എന്നീ വാക്കുകൾ മലയാളികൾ മറന്നുപോകുമോ എന്ന് സംശയിക്കേണ്ട ഒരു അവസ്ഥയിലാണ് നമ്മൾ എത്തിച്ചേർന്നിരിക്കുന്നത്. മഴക്കാലം എന്ന ഒരു അവസ്ഥ പഴയതുപോലെ തിരിച്ചുവരുമെന്ന് വിചാരിക്കാൻ കഴിയാത്ത ഇന്നത്തെ സ്ഥിതിവിശേഷത്തിൽ, ഉടനെ എന്തെങ്കിലും ചെയ്തില്ലെങ്കിൽ കേരളത്തിൽ മനുഷ്യജീവിതം സ്തംഭിച്ചുപോകും. ഇതിനെതിരെ മുഴുവൻ ജനങ്ങളും ഉണരേണ്ട കാലമായിരിക്കുന്നു.

കടൽവെള്ളം കോരിയെടുത്ത്, അതിലുള്ള ഉപ്പ് മുഴുവൻ യന്ത്രസഹായത്താൽ ഒഴിവാക്കണം. അങ്ങനെ ശുദ്ധീകരിക്കപ്പെട്ട വെള്ളം പൈപ്പുകൾ വഴി നാടുനീളെ വിതരണം ചെയ്യുന്ന സമ്പ്രദായം ഉണ്ടായിത്തീരണം. കേരളത്തിലെ എന്നല്ല, ഇന്ത്യയിലെ ഭരണാധികാരികൾ ഇക്കാര്യം ഉൾക്കൊള്ളാൻ സമയം വൈകിയിരിക്കുന്നു.

അഫ്ഗാനിസ്ഥാൻ, പേഴ്സ്യ, ആഫ്രിക്കയിലെ ചില ഭാഗങ്ങൾ എന്നിവിടങ്ങളിൽ സമീപകാലത്ത് ജനങ്ങൾ അനുഭവിക്കുന്ന വിഷമങ്ങളെക്കുറിച്ചറിഞ്ഞാൽ നാമെന്തെങ്കിലും ചെയ്യേണ്ടതിന്റെ അടിയന്തിരപ്രാധാന്യം ബോധ്യപ്പെടും.

കേരളം ചൂടുകൊണ്ട് വേവുന്ന ഈയൊരവസ്ഥയിൽനിന്നാണ് വായനയുടെ സമകാലികപ്രസക്തിയെപ്പറ്റി നമ്മൾ ചർച്ച ചെയ്യുന്നത്. നമ്മുടെ പുതിയ തലമുറ പുസ്തകങ്ങൾ വായിക്കുന്നില്ല എന്നെല്ലാം പറഞ്ഞുകേൾക്കുന്നുണ്ട്. പുസ്തകവായന ഒരിക്കലും ഉപേക്ഷിക്കേണ്ട ഒരു കാര്യമല്ല. വായനയിലൂടെ അല്ലാതെ മാനവസംസ്കാരം വികസിക്കുക അസാധ്യമാണ്. സിനിമയും ടീവിയും വായിക്കാനുള്ള പ്രേരണ കുറക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. അവ നേരമ്പോക്കിനാണ് കൂടുതൽ സമയം നീക്കിവെക്കുന്നത്. വായന ഒരു നേരമ്പോക്കല്ല.

പുസ്തകങ്ങളുടെ പ്രചരണത്തിനും വായനയുടെ പരിപോഷണത്തിനുംവേണ്ടി എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന് നമ്മൾ കൂടുതൽ ചിന്തിക്കേണ്ടിയിരിക്കുന്നു. കേരള സാഹിത്യ അക്കാദമി പോലെയുള്ള സാംസ്കാരികസ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ കഴിയും. അതിൽ ഒരു പ്രധാന ചുവടുവെപ്പാണ് ദേശീയ പുസ്തകോത്സവം എന്ന് മനസ്സിലാക്കുന്നു.

എല്ലാവർക്കും മംഗളം വരട്ടെ. ■





# തൃശൂരിന്റെ ഊർപകിട്ട്

യു.എ.ഖാദർ

വഞ്ചാരിമേളത്തിനും പാണ്ടിമേളത്തിനും പഞ്ചവാദ്യത്തിനും ഈറ്റില്ലമാണ് തൃശൂർ. കേട്ടാൽ മതിവരാത്ത ആനക്കഥകളുടെ നാട്. പുരാവൃത്തങ്ങളും ചരിത്രവും ഉറങ്ങിക്കിടക്കുന്ന തേക്കിൻകാട്. മതേതരത്വത്തിന് ഉറച്ച അടിത്തറയും വിശാലാകാശവുമുള്ള ശക്തന്റെ തട്ടകം. നവോത്ഥാനത്തിന്റെയും ദേശീയപ്രസ്ഥാനത്തിന്റെയും മൂല്യങ്ങൾ ഉഴുതുമറിച്ച മണ്ണ്. പൂരങ്ങൾക്ക് പേരുകേട്ട ദേശത്ത് ദേശീയ പുസ്തകോത്സവം അരങ്ങേറുന്നു എന്ന വിശേഷം ഏറെ ആഹ്ലാദത്തോടെയാണ് അറിഞ്ഞത്.

കേരളമെങ്ങും ചെറുതും വലുതുമായ പുസ്തകോത്സവങ്ങൾ സംഘടിപ്പിക്കപ്പെടുന്നുണ്ടെങ്കിലും, തൃശൂരിൽ നടക്കുന്ന ഈ മഹാഘോഷത്തിന് സവിശേഷമായ മാനങ്ങളുണ്ട്. കലാവിഷ്കാരത്തിന്റെയും ആശയസംവാദങ്ങളുടെയും സാംസ്കാരികോത്സവംകൂടി ഇതിന്റെ ഭാഗമാണെന്നത് ഔചിത്യപൂർണമാണ്. ഭാഷയിൽനിന്നും സംസ്കാരത്തിലേക്ക് ചെന്നെത്തുന്ന നടക്കാവിലൂടെയാണ് ഈ സഞ്ചാരമെന്നത് അഭിമാനകരംതന്നെ. കലയും സാഹിത്യവും മനുഷ്യരുമായി കണ്ണിചേരുമ്പോഴേ സാമൂഹ്യജീവിതത്തിൽ നന്മയും സ്നേഹവും പുലരൂ.

എത്രതന്നെ നോക്കിനിന്നാലും കൈയിലെടുത്ത് ഓമനിച്ചാലും സ്വന്തമാക്കി അഭിമാനിച്ചാലും പുസ്തകത്തോടുള്ള കൗതുകങ്ങൾക്ക് വിരാമമില്ല. അക്ഷരത്തെ സ്നേഹിക്കുന്നവർക്ക് പുസ്തകങ്ങളോടുള്ള അഭിനിവേശം അതിരറ്റതാണ്. വിശ്വപ്രസിദ്ധമായ പൂരംപോലെത്തന്നെ തൃശൂരിന്റെ ദേശപ്പെരുമക്ക് മാറ്റുകൂട്ടുന്ന അനേകം പൊലിമകളുണ്ട്. സാംസ്കാരികമായ തനിമകളുണ്ട്. നാട്ടുസംസ്കൃതിയുടെ കൊട്ടും പാട്ടും ആട്ടവുമുണ്ട്. അക്കൂട്ടത്തിൽ നിറവാർന്ന ഒന്നായിത്തീരട്ടെ പുസ്തകങ്ങളുടെ മഹാമേള. ഈ പുസ്തകപ്പൂരം ഒരുക്കുന്ന കേരള സാഹിത്യ അക്കാദമിയെ ഉള്ളിൽതട്ടി അഭിനന്ദിക്കട്ടെ. എല്ലാ വിജയങ്ങളും ആശംസിക്കുന്നു.

■



# വായനയുടെ വേതാളലോകങ്ങൾ



ഡോ.വി.സുകുമാരൻ
അക്കാദമിയംഗം

പുസ്തകങ്ങളുടെ ആദർശദീപ്തമായ ലോകങ്ങളിൽ അഭയാർത്ഥിയായി സഞ്ചരിക്കുന്ന വായനാമനസ്സിനെ എതിരേൽക്കുന്നത് വിസ്മയക്കാഴ്ചകളാണ്. ആ വിസ്മയങ്ങൾ അവസാനിക്കുന്നില്ല. ആ അലച്ചിലിന്റെ കോരിത്തരിപ്പുകൾ അടങ്ങുന്നില്ല. വായനക്ക് മരണമില്ല, പുസ്തകത്തിനും.

പണ്ട്, ഫ്രാൻസിസ് ബേക്കൻ എന്ന എലിസബെത്തിയൻ പറഞ്ഞു, Some books are to be tasted, some to be followed, some to be chewed and digested. (ചില പുസ്തകങ്ങൾ ഒന്ന് ഉപ്പുനോക്കാനുള്ളതാണ്. വേറെ ചിലത് അണ്ണാക്കിൽ തട്ടാതെ വിഴുങ്ങാനുള്ളതാണ്. എന്നാൽ, മറ്റുചിലത് ചവച്ചരച്ച് ദഹനക്രിയക്ക് വിധേയമാക്കേണ്ടതാണ്.) ഈ മൂന്നും ഇന്നും നടന്നുവരുന്നുണ്ടെന്നാണ് തോന്നുന്നത്. അക്ഷരം ചാവുകയാണ്, വായന മരിക്കുകയാണ് എന്നൊക്കെയുള്ള ആവലാതികൾക്ക് അടിസ്ഥാനമില്ലെന്ന് ഗാർഡിയൻ പത്രം നൽകിയ സർവേകൾ തെളിവ് തരുന്നു. വായന അഭൂതപൂർവമാംവിധം വളരുകയും പടരുകയുമാണത്രെ.

പുസ്തകം ഒരു പാരായണവസ്തു എന്ന നിലയിൽ പ്രചാരം നേടിക്കൊണ്ടിരിക്കുന്നു. അതിന് ആവശ്യക്കാർ ദിനംപ്രതി കൂടുകയാണ്. പബ്ലിഷിങ് സ്ഥാപനങ്ങൾ എമ്പാടും മുളച്ചുപൊന്തുകയും ചെയ്യുന്നു. റീഡിങ് കൾച്ചർ– വായനാസംസ്കാരം പല പുതുമകളോടുംകൂടി വ്യാപകമാവുകയാണ്. അച്ചടിച്ച് വരുന്നതിനോടൊക്കെത്തന്നെ പൊതുജനത്തിന് ആരോഗ്യകരമായ ഒരു പ്രതിപത്തി വികസിച്ചുവരുന്നു എന്ന കാര്യം എടുത്തുപറയേണ്ടിയിരിക്കുന്നു.

എഴുത്തിലും വായനയിലും ആസ്വാദനത്തിലും പുതിയ രുചികൾ ഉണ്ടാവുന്നു. സമീപനങ്ങൾ മാറുന്നു, ധാരണകൾ പൊളിച്ചെഴുതപ്പെടുന്നു. എല്ലാം ശരിതന്നെ. പക്ഷേ, ഒരു പുസ്തകം നിലനിൽക്കുന്നു എന്ന വാസ്തവം അവശേഷിക്കുന്നു. പുസ്തകവായന ഇന്നും മനുഷ്യമനസ്സിന്റെ ഏറ്റവും പ്രിയപ്പെട്ട, ഏറ്റവും മധുരമായ വിനോദം തന്നെയാണ്. പുസ്തകമെന്നത് ഇന്നും ഒരു വികാരമായി, ഒരു വെല്ലുവിളിയായി, ഒരു പ്രതീക്ഷയായി ഇവിടെയും എവിടെയും തുടരുന്നു.

Reading maketh a full man (വായന ഒരു സമ്പൂർണമനുഷ്യനെ സൃഷ്ടിക്കുന്നു) എന്ന ബേക്കന്റെതന്നെ സുഭാഷിതത്തിന്റെ നവമാനങ്ങൾ നാം തിരിച്ചറിയുന്നു. He who touches a book, touches a man എന്നാണ് ചൊല്ല്. ഒരു പുസ്തകത്തെ സ്പർശിക്കുമ്പോൾ നിങ്ങൾ തൊടുന്നത് ഒരു മനുഷ്യനെയാണ്, ഒരു വിചാരത്തെയാണ്, ഒരു ആത്മാവിനെയാണ്, ഒരു കാലാവസ്ഥയെയാണ്, ഒരു മാനസികവിതാനത്തെയാണ്. ⏩



# വായനക്കാരുടെ പദവി



ഇ.പി.രാജഗോപാലൻ
അക്കാദമി നിർവാഹകസമിതിയംഗം

ഇംഗ്ലീഷിലെ Reading Room എന്ന വാക്കിനേക്കാൾ വലുതാണ് മലയാളത്തിലെ വായനശാല. പലതിനായി പണിത കെട്ടിടത്തിലെ ഒരു മുറി – Reading Room. അത്രമാത്രം. വായനശാല വായനക്കുവേണ്ടിത്തന്നെ ഉണ്ടായ ശാലയാണ്. 'ഇന്ത്യ ഇന്ത്യക്കാരന്' എന്ന മുദ്രാവാക്യത്തിന്റെ വേറൊരു പതിപ്പാണ് 'കൃഷിഭൂമി കർഷകന്' എന്നത്. കൃതിഭൂമി ആർക്ക്? വായനക്കാർക്ക് എന്ന് ഉത്തരം. ഈ ജനാധിപത്യാദർശത്തിന്റെ ഭാഗമാണ് വായനശാല. എഴുത്തുകാർ അർത്ഥത്തിന്റെ ജന്മിമാർ അല്ല. വായനക്കാരാണ് അർത്ഥം ജനിപ്പിക്കുന്നത്. വായനക്കാരില്ലാത്ത പുസ്തകം ജഡവസ്തുവാണ്. വായനക്കാരുടെ അന്തസ്സും അവകാശബോധവുമാണ് വായനശാലയുടെ പിന്നിലെ ദാർശനികമായ പ്രേരണ.

വായന ഒരു ഉപഭോഗപ്രവർത്തനമല്ല. സർഗാത്മകമായ, ഉല്പാദനപരമായ പ്രവർത്തനമാണ്. കൃതിയിലെ അർത്ഥം എടുത്തുപയോഗിക്കുന്ന ആളല്ല വായനക്കാരൻ. സ്വന്തം ലോകബോധവും ഭാഷാബോധവും ആത്മബോധവുംകൊണ്ട് കൃതിയിൽനിന്ന് അർത്ഥം ഉല്പാദിപ്പിക്കുന്ന ധൈഷണികകർഷകനാണ് വായനക്കാരൻ. ▶▶

▶▶ ഊട്ടോപിയകൾ സൃഷ്ടിച്ചുനൽകിയത് പുസ്തകങ്ങളാണ്. നമ്മെ സ്വപ്നം കാണാൻ പഠിപ്പിച്ചത് പുസ്തകങ്ങളാണ്. നമ്മെ ക്ഷോഭിപ്പിക്കാൻ പഠിപ്പിച്ചത് പുസ്തകങ്ങളാണ്. നിശ്ശബ്ദരായിരിക്കാൻ നമുക്ക് അവകാശമില്ലെന്ന് നമ്മെ ശക്തമായി ബോധിപ്പിച്ചത് പുസ്തകങ്ങളാണ്. ഊട്ടോപിയയുടെ എതിർവശത്ത് നിൽക്കുന്ന ഡിസ്റ്റോപിയയെ സൃഷ്ടിച്ചതും പുസ്തകംതന്നെ. ഈ ഇടിഞ്ഞുപൊളിഞ്ഞ ലോകത്തിന്റെ കറുപ്പും വെളുപ്പും മഞ്ഞയും ചുവപ്പുമൊക്കെ നമ്മിൽ എത്തിക്കുന്നതും പുസ്തകംതന്നെ. ഈ ദുർഘടമായ യാത്രയിൽ നമുക്ക് പാഥേയമായത് പുസ്തകംതന്നെ.

സ്നേഹത്തിൽനിന്നുദിക്കുന്നു ലോകം എന്ന് പറഞ്ഞതുപോലെ നമുക്ക് ഒരു ബദൽ ആകാം. പുസ്തകത്തിൽനിന്നുദിക്കുന്നു പ്രപഞ്ചം. വായിച്ചുവലുതാവുക എന്നത് ഒരു മുദ്രാവാക്യമല്ല, ഒരു ജീവിതപ്രമാണമാണ്. പുസ്തകം ചമക്കുന്നവൻ, എഴുത്തുകാരൻ അർദ്ധോക്തിയിൽ വിരമിക്കുന്നു. അവന്റെ അപൂർണവാക്യങ്ങളെ പൂർണമാക്കിച്ചെയ്യുന്നത്, അവന്റെ പാഠത്തെ പുനർനിർമിക്കുന്നത്, അതിൽ ഒരർത്ഥം ഉൽപാദിപ്പിക്കുന്നത് വായനക്കാരനാണ്. വായന സർഗാത്മകമായ ഒരു വിപ്ലവദൗത്യമാണ്. അവസാന വിധിന്യായം തികച്ചും വായനക്കാരന്റേത് മാത്രമാവുന്നു. ■




▶▶ വായനയിലൂടെ ഒരാൾ സ്വാതന്ത്ര്യം അനുഭവിക്കുകയാണ്. ഞങ്ങളുടെ ഒരു സീനിയർ സുഹൃത്ത് പറയുമായിരുന്നു, Libraryയും Libertyയും Literatureഉം ഏതാണ്ട് ഒന്നുതന്നെയാണ് എന്ന്. ആ അഭിപ്രായം ശരിയാണ്. ഭാവനയുണ്ട് വായനക്കാരനും. അത് ഉപയോഗിച്ചാണ് വായന രസകരമാവുന്നത്. ഇതിലൂടെ അസ്വാതന്ത്ര്യത്തിൽനിന്നും അന്യത്വത്തിൽനിന്നും വിട്ടുമാറാൻ വായനക്കാരൻ സ്വയം ശീലിക്കുന്നു. സ്വേച്ഛാധിപതികൾക്ക് കലയും സാഹിത്യവും ഇഷ്ടമല്ല. മുതലാളിത്തം വിനോദം മാത്രം തരുന്ന കലയെ മാത്രമേ വളർത്തൂ. വായനശാല സ്വാതന്ത്ര്യാനുഭവത്തിന്റെ ശാലയാണ്.

സാഹിത്യം മാത്രമല്ല, വായനശാലയിൽ ഉണ്ടാവേണ്ടത്. പല വിഷയങ്ങൾ വേണം. രാഷ്ട്രീയവും ശാസ്ത്രവും മാനവികവിഷയങ്ങളും ഒക്കെ വേണം. കലയെക്കുറിച്ചുള്ള പുസ്തകങ്ങളും വേണം. ഇങ്ങനെ പറയുന്നതിന് ഒറ്റക്കാരണമേയുള്ളൂ – ഇതൊക്കെ ചേർന്നതാണ് ജീവിതം. ജീവിച്ചുകൊണ്ടുതന്നെ ജീവിതത്തിന്റെ വൈവിധ്യം മനസ്സിലാക്കാനാണ് വായന.

ഇന്നത്തെ പ്രശ്നം knowledge മങ്ങുന്നു, information രാജപദവി നേടുന്നു എന്നതാണ്. തിരിച്ചറിവാണ് knowledge തരുന്നത്. ഒരു വിഷയം പഠിച്ചയാളിന്റെ വഴികാട്ടിയാവണം ആ വിഷയം. ഇന്ന് ഇങ്ങനെ കാണുന്നില്ല, പൊതുവെ. വരണ്ട വിവരമായിട്ടാണ് ആളുകൾ പഠിക്കുന്നത്. ഉയർന്ന നിലയിൽ പഠിച്ചിട്ടും വകതിരിവില്ലാത്തവർ കൂടുന്നത് ഇതിനാലാണ്.

കാഴ്ചയുടെ ലോകമാണ് ഇന്നത്തെ ലോകം. കാഴ്ച അനുപാതഹരിതമായി വർദ്ധിക്കുന്നത് ഭാവനാശക്തിയെ ബാധിക്കും. കേൾക്കുമ്പോൾത്തന്നെ സ്വന്തം ഭാവന ഉണരും – വായിക്കുമ്പോൾ വളരെ കൂടുതൽ ഉണരും. കാഴ്ചയിൽ ഉപഭോഗമാണ് കൂടുതൽ. വായന കുറയുന്നത് ഉപഭോഗാസക്തി കൂടുന്നതിന്റെ ഭാഗമായാണ്. ഇന്ത്യക്കാർ വായനക്കാരെ എന്നും മാനിച്ചിരുന്നു. വായനക്കാരും ആസ്വാദകൻ, ഭാവുകൻ, വ്യഖ്യാതാവ്, ടിപ്പണിക്കാരൻ, നിരൂപകൻ, വിമർശകൻ – ഇങ്ങനെ നിരവധി സ്ഥാനങ്ങൾ ഇന്ത്യൻ പാരമ്പര്യത്തിലുണ്ട് എന്നത് യാദൃച്ഛികമല്ല. ഈ പാരമ്പര്യമാണ് വായനശാലയിൽ സർഗാത്മകതയോടെ തുടരേണ്ടത്. കാഴ്ചക്ക് കീഴ്പെട്ട സമൂഹം പ്രസന്നമായ ഒരു സമൂഹമാവുകയില്ല.

വാസ്തവത്തിൽ നാം പുസ്തകങ്ങൾ മാത്രമല്ല വായിക്കുന്നത്. ലോകത്തെ വായിച്ചുവായിച്ചാണ് നാം ജീവിക്കുന്നത്. മണ്ണ്, മരം, ജന്തുക്കൾ, മനുഷ്യർ, പുഴ, കടൽ, ആകാശം, കെട്ടിടങ്ങൾ, പാതകൾ, ആഹാരവസ്തുക്കൾ, സസ്യങ്ങൾ... എല്ലാറ്റിനെയും നാം വായിക്കുന്നുണ്ട്. ഈ വായനയുടെ ഒരു ഭാഗം മാത്രമാണ് പുസ്തകവായന. പുസ്തകവായന ഒരു പൂരകപ്രവർത്തനമാണ്. പുസ്തകം മാത്രം വായിക്കുന്നയാൾ ഒരു വിഡ്ഢി പോലുമാവാം. ഷെയ്ക്സ്പിയറുടെ ഒഥെല്ലോ നാടകത്തിൽ ഇയാഗോ കാസിയോയെ ചീത്ത വിളിക്കുന്നത് bookish theoric എന്നാണ്. 'പുസ്തകപ്പുഴു' എന്ന്. ■



# ആണധികാരഭാഷയെ പൊളിച്ചെഴുതണം
## സാറാ ജോസഫ്

ജീവിതത്തിൽനിന്ന് വേറിട്ട് എഴുത്ത് എന്നൊന്നില്ലെന്നും വചനത്തിന്റെ യഥാർത്ഥ പൊരുൾ തേടിയുള്ള യാത്രയാണ് എഴുത്തെന്നും സാറാ ജോസഫ്. ഒരു കഥ സമൂഹത്തിലേക്ക് സംക്രമിക്കുമ്പോൾ ആയിരക്കണക്കിന് കഥകളായി മാറുകയാണെന്നും അവർ പറഞ്ഞു. ദേശീയ പുസ്തകോത്സവവേദിയിൽ കഥയും ജീവിതവും എന്ന സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അവർ. സ്വാതന്ത്ര്യത്തിന്റെ ശക്തമായ അടയാളമാണ് വാക്ക്. വായനയിലൂടെയാണ് അത് യഥാർത്ഥ അർത്ഥം കണ്ടെത്തുന്നത്. ഏറ്റവും അലട്ടുന്ന ഒരു പ്രശ്നം ആവിഷ്കരിക്കുമ്പോൾ എഴുത്തുകാർക്ക് വാക്കുകൾ മതിയാവാതെ വരുന്നു. ഈ സംഭവം വായനക്കാർ നേരത്തെ അറിഞ്ഞിട്ടുള്ളതായിരിക്കും. അതിന്റെ ചിത്രം അവർക്ക് നേരത്തെ കിട്ടിയിരിക്കും. മനുഷ്യാന്തസ്സിനെ ഉയർത്തിപ്പിടിക്കുന്ന സർഗാത്മകതയിലൂടെ മാത്രമേ എഴുത്തിന്റെ വെല്ലുവിളികളെ നേരിടാൻ കഴിയുകയെന്ന് സാറാ ജോസഫ് പറഞ്ഞു.

അസാധ്യതകളിൽനിന്ന് സാധ്യതകളിലേക്കുള്ള കാൽവെപ്പാണ് സ്ത്രീയുടെ എഴുത്ത്. വിലക്കുകളും വിലങ്ങുകളും അവഗണനയും അവഹേളനവും മാത്രമേ സ്ത്രീക്ക് എഴുതാനാവൂ. ഭാഷ സ്ത്രീയുടെ അധികാരത്തിലുള്ള സംഗതിയല്ല. ഭാഷയുടെ അധികാരം ആണധികാരമാണ്. ആണധികാരഭാഷയെ പൊളിച്ചെഴുതിയാൽ മാത്രമേ സമൂഹത്തിന് മികച്ച രചനകൾ ലഭ്യമാവൂ. ആണധികാരത്തെ അതിലംഘിക്കാനും പ്രണയവും കാമവും സൗന്ദര്യബോധവും അനായാസമായി സർഗശേഷിയുടെ മാന്ത്രികതയോടെ ആവിഷ്കരിക്കാനും മാധവിക്കുട്ടിയെപ്പോലെ മറ്റാർക്കും കഴിഞ്ഞിട്ടില്ലെന്നും സാറാ ജോസഫ് പറഞ്ഞു.

എല്ലാവരുടെയും ആത്മസുഹൃത്തും എല്ലാവർക്കും വേണ്ടപ്പെട്ടവനുമായ സർഗധനനായ എഴുത്തുകാരനായിരുന്നു അക്ബർ കക്കട്ടിലെന്ന് അനുസ്മരണപ്രഭാഷണത്തിൽ ശത്രുഘ്നൻ പറഞ്ഞു. അഷ്ടമൂർത്തി, എൻ.രാജൻ, ശ്രീലത, ഐസക് ഈപ്പൻ, ശ്രീജിത്ത് പെരുന്തച്ചൻ, ഡോ. ഖദീജ മുംതാസ് എന്നിവരും സംസാരിച്ചു. തുടർന്ന്, ഹിമാംശു നന്ദയുടെ ഹിന്ദുസ്ഥാനി ബാംസുരി കച്ചേരി അരങ്ങേറി. പുസ്തകോത്സവവേദിയിൽ ഡോ.എം.ലീലാകുമാരിയുടെ നോവൽ വിചിന്തനങ്ങൾ എന്ന പഠനഗ്രന്ഥം ഡോ.എസ്.കെ.വസന്തൻ എൻ.പി.ധനത്തിന് നൽകി പ്രകാശനം ചെയ്തു. ഡോ.പി.വി. കൃഷ്ണൻനായർ അധ്യക്ഷനായി. ഡോ.കെ. ഷിജു, ഡോ.കുമാർ ജെ., ബേബി ജോൺ എന്നിവർ സംസാരിച്ചു. ■




# അരികുജീവിതസാഹിത്യം സംവാദാത്മകമായ സായാഹ്നം

ദേശീയ പുസ്തകോത്സവത്തോടനുബന്ധിച്ച് പ്രദീപൻ പാമ്പിരികുന്നിന്റെ ഓർമകൾക്ക് സമർപ്പിച്ച അരികുജീവിതവും എഴുത്തും എന്ന സെമിനാർ വരേണ്യവൽകരണത്തിനെതിരെയുള്ള ആഴമേറിയ സംവാദമായി. കീഴാള ജനതയുടെ സമഗ്രമായ സ്വാതന്ത്ര്യത്തിലൂടെ മാത്രമേ അരികുജീവിതം അവസാനിപ്പിക്കാനാവൂ എന്ന് സെമിനാറിൽ അധ്യക്ഷത വഹിച്ച അക്കാദമിയംഗം നാരായൻ പറഞ്ഞു.

വരേണ്യതാൽപര്യത്തിന്റെ അടിത്തറയിൽ നിന്നുകൊണ്ടാണ് ഇവിടെ ദേശീയതയെ വ്യാഖ്യാനിക്കുന്നതെന്ന് പ്രദീപൻ പാമ്പിരികുന്ന് അനുസ്മരണത്തിൽ ഡോ.എം.ബി.മനോജ് അഭിപ്രായപ്പെട്ടു. ഇതൊരിക്കലും ജനതയെ ഒന്നായിക്കാണാനോ ജനാധിപത്യവൽകരണം മുന്നോട്ടുകൊണ്ടുപോവാനോ സഹായിക്കില്ല. ജാതിലിംഗസമത്വത്തെ മുഖ്യപ്രമേയമായി അഭിസംബോധന ചെയ്തെങ്കിലേ യഥാർത്ഥദേശീയതയെക്കുറിച്ച് സംസാരിക്കാനാവൂ എന്നും അദ്ദേഹം പറഞ്ഞു.

കേരളീയനവോത്ഥാനത്തെക്കുറിച്ച് എത്ര വാചാലമായി സംസാരിക്കുമ്പോഴും പണിയ സമുദായത്തിൽനിന്ന് എഴുത്തുകാരാരും ഉണ്ടായിട്ടില്ലെന്ന കാര്യം വിസ്മരിക്കരുതെന്ന് മുഖ്യപ്രഭാഷണം നടത്തിയ ടി.കെ.അനിൽകുമാർ ചൂണ്ടിക്കാട്ടി. നവോത്ഥാനത്തിന് തുടർച്ചയുണ്ടാവാത്തതും ജാതിവിരുദ്ധമൂല്യങ്ങളിൽനിന്ന് സമൂഹം പിന്മാറിയതും വരേണ്യജാതിശക്തികൾക്ക് തഴച്ചുവളരാൻ ഇടയായെന്നും അദ്ദേഹം പറഞ്ഞു.

സഹോദരൻ അയ്യപ്പനെയും അയ്യങ്കാളിയെയും പ്രായോഗികതലത്തിൽ നാം തള്ളിക്കളഞ്ഞതാണ് ജാതിസമുദായശക്തികൾ വളരാൻ കാരണമായതെന്ന് സണ്ണി കപിക്കാട് പറഞ്ഞു. ജാതിവിരുദ്ധതയുടെ ആചാര്യന്മാരാണ് സഹോദരനും അയ്യങ്കാളിയും. അയ്യങ്കാളി ഒരിക്കലും ജാതിസംഘടനയുണ്ടാക്കിയില്ല. സാധുജനപരിപാലനസംഘമാണ് അദ്ദേഹം രൂപീകരിച്ചത്. തികച്ചും ജാതിരഹിതമായ പ്രസ്ഥാനമാണത്.

സാഹിത്യമെന്ന സങ്കേതത്തെയും സാഹിത്യപാരമ്പര്യത്തെയും വിമർശനാത്മകമായി സമീപിച്ച പ്രതിഭയാണ് പ്രദീപൻ പാമ്പിരികുന്നെന്നും ഒരേ അർത്ഥം വരുന്ന രണ്ട് വാക്കുകളിൽ ഒന്നിനെ മാറ്റിനിർത്തുന്നത് വരേണ്യസങ്കൽപത്തിന്റെ ഭാഗമാണെന്നും ഡോ.കെ.എം.അനിൽ പറഞ്ഞു. കെ.രാജേന്ദ്രൻ സ്വാഗതവും ടി.പി. ബെന്നി നന്ദിയും പറഞ്ഞു.

തുടർന്ന് വി.മധുസൂദനൻനായരുടെ നാറാണത്ത് ഭ്രാന്തൻ എന്ന കവിതയുടെ രംഗാവതരണം പീശപ്പള്ളി രാജീവന്റെ നേതൃത്വത്തിൽ നടന്നു. ഒഎൻവി കവിതകളുടെ നൃത്താവിഷ്കാരം ചന്ദന ഗോപൻ അവതരിപ്പിച്ചു. ആട്ടോർ അയ്യപ്പൻ നാടൻകലാസമിതി വേലൻകളി, മുടിയാട്ടം എന്നീ നാടൻകലകൾ അവതരിപ്പിച്ചു. ■




ഏപ്രിൽ 8 ശനി 7 മണി, ദേശീയപുസ്തകോത്സവവേദി

# കിരാനാ ഖരാനയുടെ ഇന്ദ്രജാലം

ഒരു മാത്രതൻ സർവകാലസംഗ്രഹക്ഷണ-
പ്രഭയിൽ മായാപടം മാറ്റുക മനോഹരീ
സ്ഥിരബന്ധിതം നിന്റെ ഗോപുരകവാടത്തി-
ന്നരികിൽ പ്രവാസി ഞാൻ നിഷ്ഫലം സ്മരണതൻ
താരകാവലി ദീപ്തി ചൊരിയും നിശതോറും
പ്രാണസഞ്ചാരം ഹാർമോണിയത്തിൽ പകരുന്നു.
*ഗസൽ/ബാലചന്ദ്രൻ ചുള്ളിക്കാട്*

പണ്ഡിറ്റ് ഡോ.നാഗരാജറാവു ഹവൽദാർ കർണാടകയിലെ ഹോസ്പേട്ടിൽ 1959-ൽ ജനിച്ചു. പ്രശസ്ത സംഗീതജ്ഞൻ മാധവഗുഡിയുടെ ശിക്ഷണത്തിൽ സംഗീതം അഭ്യസിക്കുകയും കിരാനാ ഖരാനയിൽ പ്രാവീണ്യം നേടുകയും ചെയ്തു. ധാർവാഡിലെ കർണാടക സർവകലാശാലയിൽനിന്നും സംഗീതരത്ന ബിരുദം നേടി. 'കർണാടകയിലെ ശാസ്ത്രീയ സംഗീതത്തിന്റെ ചരിത്രം' എന്നത് അദ്ദേഹത്തിന്റെ ഗവേഷണപ്രബന്ധമാണ്. ഹിന്ദുസ്ഥാനി സംഗീതത്തിൽ സ്വന്തമായ ഒരിടം കണ്ടെത്താൻ ഇദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. ഇന്ത്യക്കകത്തും പുറത്തും നിരവധി ഹിന്ദുസ്ഥാനി കച്ചേരികൾ അവതരിപ്പിച്ചു, സംഗീതപ്രേമികളുടെ ആരാധനാപാത്രമായി.

ഹംപി ഉത്സവം, മൈസൂർ ദസറ ദർബാർ ഫെസ്റ്റിവൽ, വാരണാസിയിലെ സങ്കട് മോചൻ സംഗീത സമാരോഹ് തുടങ്ങിയ അനവധി വേദികളിൽ വർഷങ്ങളായി ഹവൽദാർ സംഗീതാർച്ചന നടത്തിവരുന്നു.

ഖയാൽ സംഗീതത്തിൽ അതിപ്രശസ്തങ്ങളായ നിരവധി ആൽബങ്ങൾ തയ്യാറാക്കി. ദാസസാഹിത്യം, വചനസാഹിത്യം, ഭക്തിഗാനങ്ങൾ എന്നിവയിൽ വിശിഷ്ടസംഭാവനകൾ നൽകി.

ഇന്ത്യൻ സംഗീതത്തിന്റെ പരിപോഷണത്തിനുവേണ്ടി സ്ഥാപിച്ച സുനാദ ആർട്സ് ഫൗണ്ടേഷന്റെ സ്ഥാപകനും പ്രസിഡന്റുമാണ്. അമേരിക്ക, ബ്രിട്ടൻ തുടങ്ങിയ രാജ്യങ്ങളിൽ സംഗീതാധ്യാപനം നടത്തിവരുന്നു. കന്നഡ പിന്നണിഗായിക ചൈത്ര ഉൾപ്പെടെ നിരവധി പ്രഗത്ഭരടങ്ങിയ ശിഷ്യസമ്പത്തിന് ഉടമയാണ്.

ഓംകാർനാഥ് ഹവൽദാർ, കേദാർനാഥ് ഹവൽദാർ എന്നിവർ ഹവൽദാറോടൊപ്പം ദേശീയ പുസ്തകോത്സവവേദിയിലെ കച്ചേരിയിൽ പങ്കെടുക്കുന്നു. ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ ഗസൽ എന്ന കവിതയിലെ വരികൾ അദ്ദേഹം ആലപിക്കുന്നുണ്ട്. ഗസൽ എന്ന കവിത എഴുതിയതിന് പിന്നിലെ അനുഭവപരിസരങ്ങളെപ്പറ്റി കച്ചേരിക്ക് മുമ്പായി ചുള്ളിക്കാടിന്റെ പ്രഭാഷണം ഉണ്ടായിരിക്കും. ■

# പുസ്തകോത്സവദിനസരി

## ഏപ്രിൽ 8 ശനി

10:00 **സാഹിത്യക്വിസ്**

03:00 **പുസ്തകപ്രകാശനം** : ഡിസി ബുക്സ്
അവർണൻ (നോവൽ) : ശരൺകുമാർ ലിംബാളെ, വിവർത്തനം : ഡോ.പി.കെ.ചന്ദ്രൻ
കേരളത്തിലെ പരിസ്ഥിതി മുന്നേറ്റങ്ങൾ (പഠനം) : അഡ്വ.വി.എൻ.ഹരിദാസ്

04:30 **സെമിനാർ : മാധ്യമങ്ങളും സമ്മതിയുടെ നിർമിതിയും**
അധ്യക്ഷത : ഡോ.സി.ഉണ്ണികൃഷ്ണൻ, മുഖ്യപ്രഭാഷണം : പ്രഭാവർമ
പങ്കെടുക്കുന്നവർ : സുഭാഷ് ചന്ദ്രൻ, എൻ.പി.ചന്ദ്രശേഖരൻ, ലിസി, എൻ.സുസ്മിത, എൻ.ശ്രീകുമാർ, സന്തോഷ് ജോൺ തൂവൽ, രവീന്ദ്രൻ തൃക്കരിപ്പൂർ.

06:30 **'ഗസൽ' സംഗീതാനുഭവം** : ബാലചന്ദ്രൻ ചുള്ളിക്കാട്

07:00 **ഹിന്ദുസ്ഥാനി സംഗീതക്കച്ചേരി** : പണ്ഡിറ്റ് ഡോ.നാഗരാജറാവു ഹവൽദാർ

## ഏപ്രിൽ 9 ഞായർ

10:30 **പുസ്തകപ്രകാശനം** : ലാൽ ബുക്സ്
ഒരു ആത്മകഥ അല്ലെങ്കിൽ എന്റെ സത്യാന്വേഷണപരീക്ഷണങ്ങളുടെ കഥ
എം.കെ.ഗാന്ധി, വിവർത്തനം : സി.രാമചന്ദ്രമേനോൻ
മുഖമില്ലാത്തവർ (കവിത) : പി.ശ്രീജ

11:30 **പൊതുജനപ്രശ്നോത്തരി**

03:00 **ഗ്രന്ഥശാലാപ്രവർത്തകർക്ക് ആദരം**
സഹകരണം : തൃശൂർ ജില്ല ലൈബ്രറി കൗൺസിൽ
അധ്യക്ഷത : ഡോ.എസ്.കെ.വസന്തൻ
ഉദ്ഘാടനം, ആദരാർപ്പണം : വൈശാഖൻ
മുഖ്യാതിഥി : മുരളി പെരുനെല്ലി എംഎൽഎ
അതിഥിപരിചയം : പി.വി.കെ.പനയാൽ
പ്രഭാഷണം : ഇ.പി.രാജഗോപാലൻ
ആശംസ : ഡോ.കാവുമ്പായി ബാലകൃഷ്ണൻ,
പി.ബാലചന്ദ്രൻ, ശിവരാമൻ ചെറിയനാട്

04:30 **കവിസംഗമം**
അധ്യക്ഷത : ഡോ.സി.രാവുണ്ണി, ഉദ്ഘാടനം : ഏഴാച്ചേരി രാമചന്ദ്രൻ
പങ്കെടുക്കുന്നവർ : മണമ്പൂർ രാജൻബാബു, എസ്.ജോസഫ്, കെ.ആർ.ടോണി, പി.എൻ.ഗോപീകൃഷ്ണൻ, ഏങ്ങണ്ടിയൂർ ചന്ദ്രശേഖരൻ, അൻവർ അലി, ഇ.സന്ധ്യ, പവിത്രൻ തീക്കുനി, സെബാസ്റ്റ്യൻ, പദ്മദാസ്, വർഗീസാന്റണി, വിജേഷ് എടക്കുന്നി, ശ്രീലതാവർമ, ശ്രീജിത്ത് അരിയല്ലൂർ, അലി കടുകശ്ശേരി, ജ്യോതിരാജ് തെക്കൂട്ട്, കൃഷ്ണൻ സൗപർണിക, അഗസ്റ്റിൻ കുട്ടനെല്ലൂർ, അശോകൻ പുത്തൂർ, ചേറ്റുപുഴ ഗോപാലകൃഷ്ണൻ, റോജൻ അരിമ്പൂർ, ഇ.എ.ഷാജു, അഭിരാമി.

07:00 **ഗസൽ** : ഗായത്രി




ആട്ടോർ അയ്യപ്പൻ നാടൻകലാസമിതി അവതരിപ്പിച്ച നാടൻകലാവതരണം.




വി.മധുസൂദനൻനായരുടെ നാറാണത്ത് ഭ്രാന്തൻ കവിതക്ക്
പീശപ്പള്ളി രാജീവൻ രംഗാവതരണം.



കെ.വി.ഗണേഷ് രചനയും സംവിധാനവും നിർവഹിച്ച
ഒറ്റപ്പാലം സി.എൻ.എൻ.നാടകവേദി അവതരിപ്പിച്ച വഴുതന നാടകം.




ചന്ദന ഗോപൻ അവതരിപ്പിച്ച ഒ.എൻ.വി.കവിതകളുടെ നൃത്താവിഷ്കാരം.

Edited, Printed and Published by Dr.K.P.Mohanan (Secretary) for Kerala Sahitya Akademi, Thrissur - 20
For internal circulation only | Phone & Fax : 0487 2331069 | email : keralasahityaakademi@gmail.com
Printed at Carmel Printers, Thrissur | Photo : Monalisa | Design : Roy Akkara